# കേരള സർവകലാശാല

നം. പി.ആർ.242/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## എം.കോം വൈവ വോസി പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തിയ എം.കോം സപ്ലിമെന്ററി (ജൂലൈ - ആഗസ്റ്റ് 2017) വൈവ വോസി പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കായി നവംബർ എട്ടിന് രാവിലെ 11 മണിക്ക് പാളയത്തുള്ള സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ വച്ച് വൈവ വോസി പരീക്ഷ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൗത്ത്സോൺ ഇന്റർയൂണിവേഴ്സിറ്റി ടീം സെലക്ഷൻ

കേരള സർവകലാശാലയുടെ 33-ാമത് സൗത്ത് സോൺ ഇന്റർയൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവെലിൽ പങ്കെടുക്കുന്നതിനുള്ള ടീം രൂപീകരണത്തിനായി സ്ക്രീനിംഗ് നടത്തുന്നു ഡി.എസ്.എസ്-ന്റെ തിരുവനന്തപുരം പി.എം.ജിയിലുള്ള സ്റ്റുഡൻസ് സെന്ററിൽ വച്ച് നവംബർ 14-ന് രാവിലെ ഒൻപത് മണിക്ക് നടക്കുന്ന സ്ക്രീനിംഗിൽ പങ്കെടുക്കുന്നതിന് 2017-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന കേരള സർവകലാശാല യുവജനോത്സവത്തിൽ താഴെ പറയുന്ന മത്സരയിനങ്ങളിൽ (ഒന്നും രണ്ടും സമ്മാനം നേടിയവർ) വിജയിച്ച വിദ്യാർത്ഥികളെ അറിയിക്കുന്നു. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ കോളേജ് ഐ.ഡി കാർഡുമായി ഹാജരാകേണ്ടതാണ്.(ഇനങ്ങൾ:- ലളിതഗാനം, ശാസ്ത്രീയ സംഗീതം, ഹിന്ദുസ്ഥാനി ക്ലാസിക്കൽ വോക്കൽ, ഗസൽ തന്ത്രിവാദ്യം പൗരസ്ത്യം, തന്ത്രിവാദ്യം പാശ്ചാത്യം, ഗിറ്റാർ, സുഷിരവാദ്യം പൗരസ്ത്യം, സുഷിരവാദ്യം പാശ്ചാത്യം, താളവാദ്യം തബല, താളവാദ്യം പൗരസ്ത്യം, താളവാദ്യം പാശ്ചാത്യം, താളവാദ്യം ചെണ്ട, വെസ്റ്റേൺ വോക്കൽ സോളോ & ഗ്രൂപ്പ്, ഗ്രൂപ്പ് സോങ്, വൃന്ദവാദ്യം, ഭരതനാട്യം, കുച്ചിപ്പുടി, നാടോടി നൃത്തം, കഥകളി, മോഹിനിയാട്ടം, ഗ്രൂപ്പ് ഡാൻസ്, കെരളനടനം സോളോ & ഗ്രൂപ്പ്, ഡിബേറ്റ് (ഇംഗ്ലീഷ് & ഹിന്ദി), പ്രസംഗം (ഇംഗ്ലീഷ് & ഹിന്ദി), ക്വസ്, മോണോ അക്ട്, മിമിക്രി, മൈം, സ്കിറ്റ്, പെയിന്റിംഗ്, ക്ലേ മോഡലിംഗ്, രംഗോലി, കൊളാഷ്, സ്പോട്ട് ഫോട്ടോഗ്രാഫി, പോസ്റ്റർ മേക്കിങ്, കാർട്ടൂണിംഗ്, നാടകം (ബിഷപ്പ് മൂർ കോളേജ് മാവേലിക്കര))

*( എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## എം.എസ്സി ബയോഇൻഫർമാറ്റിക്സ് പ്രാക്ടിക്കൽ/വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി ബയോഇൻഫർമാറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവ പരീക്ഷകൾ നവംബർ എട്ട് മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിലും (www.keralauniversity.ac.in) കോളേജിലും ലഭിക്കും.

## തൊഴിൽ മേള

കേരള സർവകലാശാല എംപ്ലോയിമെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരിന്റെയും എംപ്ലോയിമെന്റ് വകുപ്പിന്റെയും സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ, 2017-ൽ ത്രിവത്സര ഡിപ്ലോമ പാസ്സായ ഉദ്യോഗാർത്ഥികൾക്കായി നവംബർ 15-ന് തിരുവനന്തപുരം കൈമനത്തുള്ള ഗവൺമെന്റ് വനിതാ പോളിടെക്നിക്കലിൽ വച്ച് സൗജന്യ തൊഴിൽ മേള സംഘടിപ്പിക്കുന്നു.വിവിധ കമ്പനികളിലായി 200 ഓളം ഒഴിവുകളിലേക്ക് നിയമനം ലഭിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് അവസരം ഉണ്ട്. തൊഴിൽ മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ഈ മാസം 14-ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി (www.ncs.gov.in) എന്ന വെബസൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾ (www.facebook.com/MCCTVM) ൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് ഓഫീസ് പ്രവൃത്തി സമയത്ത് 0471-2304577, 9159455118 നമ്പറുകളിൽ ബന്ധപ്പെടുക.

## ബി.കോം മേഴ്സിചാൻസ് പരീക്ഷ

കേരള സർവകലാശാലയുടെ ബി.കോം (1996 സ്കീം - മേഴ്സിചാൻസ്) പരീക്ഷകൾ ഡിസംബർ എട്ടിന് ആരംഭിക്കുന്നതാണ്. പരീക്ഷയെഴുതാൻ ആഗ്രഹിക്കുന്നവർക്ക് പിഴകൂടാതെ നവംബർ 14 (50 രൂപ പിഴയോടെ നവംബർ 16, 125 രൂപ പിഴയോടെ നവംബർ 18) വരെ ഫീസടയക്കാം. സാധാരണഗതിയിലുള്ള പരീക്ഷാഫീസിന് പുറമേ 5000 രുപയുടെ മേഴ്സിചാൻസ് ഫീസ്, 200 രൂപ സി.വി ക്യാമ്പ് ഫീസ് എന്നിവയും അടയ്ക്കേണ്ടതാണ്. പരീക്ഷാ ടൈംടേബിളുകൾ പരീക്ഷാകേന്ദ്രം എന്നിവ പിന്നീട് അറിയിക്കുന്നതാണ്.

## മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യുക്കേഷൻ വഴി നടത്തിയ ബി.ബി.എ ഡിഗ്രി കോഴ്സിന്റെ ആറാം സെമസ്റ്റർ മാർക്ക്ലിസ്റ്റുകൾ (റഗുലർ & സപ്ലിമെന്ററി) അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ (തിരുവനന്തപുരം പാളയം എസ്.ഡി.ഇ ഓഫീസ്, കൊല്ലം ഫാത്തിമാ മെമ്മോറിയൽ ട്രെയിനിംഗ് കോളേജ്, ചേർത്തല എസ്.എൻ കോളേജ്) നിന്നും കൈപ്പറ്റണം.

## എം.ഫിൽ കൊമേഴ്സ് വൈവ വോസി

കേരള സർവകലാശാലയുടെ 2016-17 ബാച്ച് എം.ഫിൽ കൊമേഴ്സിന്റെ വൈവ വോസി പരീക്ഷ കാര്യവട്ടം കൊമേഴ്സ് ഡിപ്പാർട്ട്മെന്റിൽ വച്ച് നവംബർ 10, 13, 14 തീയതികളിൽ നടക്കും.

## പുസ്തക പ്രദർശനം

എഴുത്തച്ഛൻ പുരസ്കാരജേതാവായ പ്രശസ്ത കവിയും വിമർശകനും വിവർത്തകനുമായ ശ്രീ. കെ സച്ചിദാനന്ദന്റെ കൃതികളുടെ പ്രദർശനം നവംബർ എട്ട് മുതൽ 15 വരെ കേരള സർവകലാശാല ലൈബ്രറിയിൽ സംഘടിപ്പിക്കുന്നു. പ്രദർശനത്തിൽ അദ്ദേഹത്തിന്റെ കവിതകൾ, വിവർത്തനങ്ങൾ, ഓർമക്കുറിപ്പ്, പത്രങ്ങളിലും ആനുകാലികങ്ങളിലും പ്രസിദ്ധീകരിച്ച ലേഖനങ്ങൾ, അഭിമുഖങ്ങൾ മുതലായവ ഉൾപ്പെടുത്തിയിരിക്കുന്നു. ലൈബ്രറി അംഗങ്ങൾ അല്ലാത്തവർക്കും പ്രദർശനം കാണാൻ സൗകര്യമുണ്ടായിരിക്കുന്നതാണ്.

## തീയതി നീട്ടി

കേരള സർവകലാശാലയുടെ ഡിസംബർ ഒന്നിന് തുടങ്ങുന്ന സി.ബി.സി.എസ് ബി.എ/ബി.എസ്സി/ബി.കോം മൂന്നും അഞ്ചും സെമസ്റ്റർ പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള അവസാന തീയതി പിഴകൂടാതെ നവംബർ 10 (50 രൂപ പിഴയോടെ നവംബർ 14, 125 രൂപ പിഴയോടെ നവംബർ 16) വരെ നീട്ടിയിരിക്കുന്നു.

തിരുവനന്തപുരം.
07.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**